ഉത്തരം

(എ) ദിനേശ് ബീഡി സഹകരണ സംഘത്തിലെ 14,183 തൊഴിലാളികളെ ഇതുവരെ കുറവ് ചെയ്തു.

(ബി) ദിനേശ് ബീഡി സഹകരണസംഘത്തിലെ തൊഴിലാളികളുടെ കൂലിയിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഉൽപ്പാദനം മാർക്കറ്റിനനുസരിച്ച് ക്രമീകരിച്ചിട്ടുണ്ട്. ലാഭം ഉണ്ടായിട്ടില്ല. ചെലവിൽ കുറവ് വന്നിട്ടുണ്ട്.

(സി) ഭരണച്ചെലവിൽ കുറവ് വന്നിട്ടുണ്ട്.

എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്തെ വിദേശ നിക്ഷേപം

57 [2194] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ബി. വിജയകുമാർ:
,, വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് എന്ത് തുകയ്ക്കുള്ള വിദേശ നിക്ഷേപം ഉണ്ടായി;

(ബി) ഇക്കാലത്ത് എത്ര പുതിയ വൻകിട വ്യവസായങ്ങൾ ആരംഭിച്ചു; അതിൽ എത്രപേർക്ക് തൊഴിൽ കിട്ടി?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

58 [2195] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എ. കെ. ബാലൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) പുനരുദ്ധാരണത്തിന്റെയും വൈവിദ്ധ്യവൽക്കരണത്തിന്റെയും പുനഃസംഘടനയുടേയും ഭാഗമായി ഏതെങ്കിലും വ്യവസായങ്ങളെ നഷ്ടത്തിൽ നിന്നും ലാഭത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ ഉടമയിൽ തന്നെ സംരക്ഷിക്കാനുള്ള ഏതെങ്കിലും ശ്രമം സർക്കാർ നടത്തിയിട്ടുണ്ടോ; ഏതെങ്കിലും സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധി മുന്നോട്ട് വെച്ച നിർദ്ദേശങ്ങളും എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആൻറ് കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആൻറ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്, കേരള ഹൈടെക് ഇൻഡസ്ട്രീസ്, ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നിവയാണവ.

(സി) ലാഭത്തിൽ നടത്താൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിന് അധികം ബാധ്യത വരാതെ ഒരു വൺടൈം സപ്പോർട്ട് നൽകുവാനുള്ള ന്യായപരമായ തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ ഉടമസ്ഥതയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. ഇതിന് സർക്കാർ നൽകിയ ധനസഹായത്തിന്റെ കണക്കുകൾ അനുബന്ധമായി † ചേർത്തിരിക്കുന്നു. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സാലിസിലോറ്റ്സ് ആൻറ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ഡിറ്റർജൻറ്സ് ആൻറ് കെമിക്കൽസ്, ആസ്ട്രാം വാച്ചസ് എന്നിവയുടെ 100% ഓഹരികളും ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിന്റെ 46% ഓഹരികളും സ്വകാര്യമേഖലയ്ക്കു കൈമാറാൻ സർക്കാർ നേരത്തേ തീരുമാനിച്ചിരുന്നു. ഇതിലേക്കുള്ള അപേക്ഷകളും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഈ സംബന്ധിച്ച് അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായുള്ള ശുപാർശകളെല്ലാം തന്നെ അതത് കമ്പനികളിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയതിനുശേഷമാണ് തയ്യാറാക്കുന്നത്.

അടച്ചുപൂട്ടിയ വ്യവസായസ്ഥാപനങ്ങൾ

59 [2196] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ എന്തെങ്കിലും തുറന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രത്യേക ജില്ലാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അതതിന്റെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് പുനരുദ്ധാരണ നടപടികൾ രൂപപ്പെടുത്തുന്നത്. സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഒരു

† അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly